പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

# തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1505 — 04.12.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | പുതിയതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളുടെ ഭാഗമായ പഞ്ചായത്തുകളിൽ ക്രമീകരിച്ചിരുന്ന തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്തെ 37 ഗ്രാമപഞ്ചായത്തുകളും ചില പഞ്ചായത്ത് വാർഡുകളും 31.10.2015 മുതൽ മുൻസിപ്പാലിറ്റികളുടെ ഭാഗമായി മാറിയതിനാൽ ഈ തീയതി മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുശാസിക്കുന്ന അവകാശങ്ങൾക്കുള്ള അർഹത നഷ്ടപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുകയും ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഈ സാമ്പത്തിക വർഷ അവസാനം വരെ സമയം ദീർഘിപ്പിക്കാൻ നടപടി എടുക്കുമോ? | | |

സെക്ഷൻ ഓഫീസർ